**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 453** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കൈത്തറി മേഖല</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കുറഞ്ഞ വേതനവും, വിപണി ലഭ്യത കുറവും മറ്റും കൊണ്ട് പുതിയ തലമുറ കൈത്തറി മേഖലയിലേക്ക് കടന്നു വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത്, തൊഴിൽരഹിതരായ യുവജനങ്ങളെ (18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾ) ആകർഷിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി "യുവവീവ്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൈത്തറി മേഖലയിലേക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള നെയ്ത്തുകാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയും ലക്ഷ്യമിടുന്നു.

കൂടാതെ, യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി) യിൽ കൈത്തറി സാങ്കേതിക വിദ്യയിൽ ഡിപ്ലോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും നൽകി വരുന്നു

**(ബി)** പരമ്പരാഗത കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും, ഈ മേഖലയെ പുനരുദ്ധരിക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പരമ്പരാഗത കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി
2. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

3. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്)

4. അംശദാന സമ്പാദ്യ പദ്ധതി

5. ഇൻകം സപ്പോർട്ട് സ്കീം

6. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

7. വിപണന കയറ്റുമതി പ്രോത്സാഹന പരിപാടി

8. പ്രീമിയം ഉത്പന്നങ്ങൾക്കുള്ള ഉത്പന്ന വികസന സഹായം

9. ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്

**(സി)** സംസ്ഥാനത്ത് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം നൽകുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക ആറുമാസത്തോളം വൈകിയാണ് ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021-2025 കാലയളവിൽ എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായുള്ള നെയ്ത്തുകൂലി ഇനത്തിൽ 2025 ഒക്ടോബർ മാസം വരെയുള്ള തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർന്നുള്ള 7 മാസങ്ങളിലെ കൂലി കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുന്നതാണ്.

2021-2025 വരെയുള്ള സാമ്പത്തിക വർഷകാലയളവിൽ, പദ്ധതിയുടെ ഭാഗമായുള്ള ഡൈയിംഗ് ചാർജസ് ഇനത്തിൽ 3.82 കോടി രൂപയും ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ 47 ലക്ഷം രൂപയും ആണ് കുടിശ്ശികയായുള്ളത്.

**(ഡി)** കൈത്തറി എന്ന ലേബലിൽ വ്യാജതുണിത്തരങ്ങൾ വ്യാപകമായി വിറ്റഴിക്കപ്പെടുന്നത് കൈത്തറി മേഖലയെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൈത്തറി എന്ന ലേബലിൽ വ്യാജ തുണിത്തരങ്ങൾ വിറ്റഴിക്കപ്പെടുന്നത് തടയുവാനും കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാനും കൈത്തറി മേഖലയുടെ വികസനത്തിനുമായി "ഹാന്റ്ലൂം മാർക്ക് " പദ്ധതി നടപ്പിലാക്കി വരുന്നു. ഉയർന്ന ഗുണമേന്മയുള്ള കൈത്തറി ഉൽപന്നങ്ങൾക്ക് മാത്രമാണ് "ഹാന്റ്ലൂം മാർക്ക് " നൽകുന്നത്. ഇതു വഴി കൈത്തറി ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാനും ഉപഭോക്താക്കൾക്ക് യഥാർത്ഥ കൈത്തറി ഉൽപന്നങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**